Mathrubhumi
മാതൃഭൂമി
Palakkad edition
Dated 08-08-2025
Page no : 2 Column no : 1

# ജില്ലാ ജൂനിയർ ത്രോബോൾ മത്സരങ്ങൾ പല്ലശ്ശനയിൽ

**പാലക്കാട്**▸ ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് 17-ന് പല്ലശ്ശന വിഐഎം ഹയർ സെക്കൻഡറി സ്കൂളിൽ നടക്കും.

മത്സരത്തിൽ പങ്കെടുക്കുന്ന ടീമുകൾ 13-ന് മുമ്പായി പ്ലെയർ രജിസ്ട്രേഷനും ടീം രജിസ്ട്രേഷനും www.throwballkerala.com എന്ന വെബ് സൈറ്റിൽ പൂർത്തിയാക്കണമെന്ന് സംഘാടകർ അറിയിച്ചു. ഫോൺ: 9447742821.

ദേശാഭിമാനി
Palakkad edition
Dated 09-08-2025
Page no : 13 Column no : 1

# ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്

പാലക്കാട്

ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ് 17ന് പല്ലശന വിഐഎം ഹയർ സെക്കൻഡറി സ്കൂളിൽ. ടീമുകൾ 13നകം പ്ലെയർ രജിസ്ട്രേഷനും ടീം രജിസ്ട്രേഷനും www.throwballkerala.com ൽ പൂർത്തിയാക്കണം. ഫോൺ: 9447742821.

മാധ്യമം







ജില്ല ജൂനിയർ ത്രോബാൾ ചാമ്പ്യൻഷിപ്പിൽ വിജയികളായ സ്പോർട്സ് അക്കാദമി പല്ലശ്ശനയും വി.ഐ.എം ഹയർ സെക്കൻഡറി സ്കൂളും

**ജില്ല ജൂനിയർ ത്രോബാൾ**

# പല്ലശ്ശന സ്പോർട്സ് അക്കാദമി, വി.ഐ.എം.എച്ച്.എസ്.എസ് ജേതാക്കൾ

**പല്ലശ്ശന:** ജില്ല ജൂനിയർ ത്രോ ബാൾ മത്സരത്തിൽ പല്ലശ്ശന സ്പോർട്സ് അക്കാദമി, വി.ഐ. എം.എച്ച്.എസ്.എസ് ജേതാക്കൾ. 12ാമത് ജില്ല ജൂനിയർ ത്രോബാൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ സ്പോർട്സ് അക്കാദമി പല്ലശ്ശനയും പെൺകുട്ടികളുടെ വിഭാഗത്തിൽ വി.ഐ. എം ഹയർ സെക്കൻഡറി സ്കൂളുമാണ് ജേതാക്കളായത്. ഡ്രീംസ് സ്പോർട്സ് അക്കാദമി ആൺക്കുട്ടികളുടെയും സ്പോർട്സ് അക്കാദമി പല്ലശ്ശന പെൺക്കുട്ടികളുടെയും വിഭാഗങ്ങളിൽ രണ്ടാം സ്ഥാനക്കാരായി.

നെന്മാറ ഫ്രണ്ട്സ് ക്ലബ്, സ്പോർട്സ് ആൻഡ് ഗെയിംസ് അക്കാദമി എന്നിവർ ആൺക്കുട്ടികളുടെ വിഭാഗത്തിൽ മൂന്നാം സ്ഥാനം പങ്കിട്ടു. നെന്മാറ ഫ്രണ്ട്സ് ക്ലബ്, ചാലഞ്ചേഴ്സ് സ്പോർട്സ് ക്ലബ് എന്നിവർ പെൺകുട്ടികളുടെ വിഭാഗത്തിൽ മൂന്നാം സ്ഥാനം പങ്കിട്ടു.

പല്ലശ്ശന വി.ഐ.എം ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന മത്സരങ്ങൾ ദേശീയ ത്രോബാൾ ഫെഡറേഷൻ അംഗം കെ. പ്രദീപ് ഉദ്ഘാടനം ചെയ്തു. സമാപന സമ്മേളനത്തിൽ പഞ്ചായത്ത് പ്രസിഡൻറ് വിജയികൾക്ക് സമ്മാനങ്ങൾ നൽകി. സ്കൂൾ പ്രധാനാധ്യാപിക ബി.സ്മിത അധ്യക്ഷത വഹിച്ചു. കെ. മണികണ്ഠ പ്രസാദ്, ഡി. മനീഷ, എം.ശ്യം എന്നിവർ സംസാരിച്ചു.

Palakkad edition
Dated 19-08-2025
Page no:3 Column no: 3,4,5&6

**Mathrubhumi**
**മാതൃഭൂമി**

# ജില്ലാ ജൂനിയർ ത്രോബോൾ: പല്ലശ്ശന സ്പോർട്സ് അക്കാദമിയും വിഐഎം സ്കൂളും ജേതാക്കൾ

**കൊല്ലങ്കോട്** ▸ പല്ലശ്ശനയിൽ സമാപിച്ച പന്ത്രണ്ടാമത് ജില്ലാ ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ പല്ലശ്ശന സ്പോർട്സ് അക്കാദമിയും പെൺകുട്ടികളുടെ വിഭാഗത്തിൽ പല്ലശ്ശന വിഐഎം ഹയർസെക്കൻഡറി സ്കൂളും ജേതാക്കളായി. പല്ലശ്ശന ഡ്രീംസ് സ്പോർട്സ് അക്കാദമി, പല്ലശ്ശന സ്പോർട്സ് അക്കാദമി എന്നിവർ യഥാക്രമം ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വിഭാഗങ്ങളിൽ രണ്ടാംസ്ഥാനം നേടി.

മത്സരങ്ങളുടെ ഉദ്ഘാടനം ദേശീയ ത്രോബോൾ ഫെഡറേഷൻ അംഗം കെ. പ്രദീപ് നിർവഹിച്ചു. സമാപനച്ചടങ്ങിൽ പല്ലശ്ശന ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് എൽ. സായിരാധ സമ്മാനം നൽകി. പ്രധാനാധ്യാപിക ബി. സ്മിത അധ്യക്ഷയായി. ഈ മാസം 31മുതൽ ആലപ്പുഴയിൽ നടക്കുന്ന സംസ്ഥാന ചാംപ്യൻഷിപ്പിലേക്കുള്ള പാലക്കാട് ജില്ലാ ടീമുകളുടെ തിരഞ്ഞെടുപ്പും ഉണ്ടായി.

---

Palakkad edition
Dated 19-08-2025
Page no:3 Column no 7&8